പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ) :

(എ) ഉണ്ട്. പ്രമുഖ കായൽ ശൃംഖല എന്ന നിലയിൽ രൂപം നല്കിയ ആലപ്പുഴ സംയോജിത കായൽ ടൂറിസം പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ 47.62 കോടി രൂപയുടെ സാമ്പത്തിക സഹായവും 4.63 കോടി രൂപയുടെ സംസ്ഥാന സർക്കാരിന്റെ വിഹിതവും ഉൾപ്പെടെ 52.25 കോടി രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു.

(ബി) വിനോദസഞ്ചാര വികസനമേഖലയിൽ കായലോര വിനോദസഞ്ചാരം ഒരു ശൃംഖലയാക്കി അടിസ്ഥാനസൗകര്യങ്ങൾ വിപുലപ്പെടുത്തുക എന്നുള്ളതാണ് ഇതിന്റെ പ്രധാന ലക്ഷ്യം.

(സി) കായംകുളം മുതൽ അരൂക്കുറ്റിവരെയുള്ള കായൽ ശൃംഖലയിൽ നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ വടായിക്കനാൽ, വാണിജ്യകനാൽ ഭാഗം എന്നിവയുടെ പുഴുക്കിപ്പണി, ചരിത്ര പൈതൃക തെരുവുകൾ, കനാലുകൾ എന്നിവയുടെ പുനരുദ്ധാരണം, അരൂക്കുറ്റി, തണ്ണീർമുക്കം, പുന്നമട, പള്ളാത്തുരുത്തി, നെടുമുടി, കഞ്ഞിപ്പാടം, തോട്ടപ്പള്ളി, കായംകുളം എന്നിവിടങ്ങളിൽ ബോട്ട് ടെർമിനൽ, വട്ടകായൽ, കരുമാടി, വിളക്കുമാടം എന്നിവിടങ്ങളിൽ നൈറ്റ് ഹാൾട്ട് സെന്ററുകൾ, വയ്യാങ്കര, പാണ്ടി, തഴപ്പ്, കതിരവട്ടം ചിറ, എന്നിവിടങ്ങളിൽ ഉപ ടൂറിസ്റ്റ് കേന്ദ്രങ്ങൾ, അർത്തുങ്കൽ, തോട്ടപ്പള്ളി ബീച്ചുകളുടെ വികസനം തുടങ്ങിയ നിരവധി സൗകര്യങ്ങൾ/ പ്രവൃത്തികൾ ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്.

(ഡി) പദ്ധതി നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് സാധ്യതാ പഠനം നടത്തി അനുയോജ്യമെങ്കിൽ മാത്രമേ പരിഗണിക്കുവാൻ കഴിയുകയുള്ളൂ.

108 ആംബുലൻസ് സർവ്വീസ്

24 (*384) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :

ശ്രീ. റോഷി അഗസ്റ്റിൻ :

ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ 108 ആംബുലൻസ് സർവ്വീസ് സർക്കാർ ഏറ്റെടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിലവിൽ ഏത് ഏജൻസിയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത് ; പദ്ധതി തുടരുന്നതിനായി അവർ മുന്നോട്ടുവെച്ചിട്ടുള്ള ആവശ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലേക്കും 108 ആംബുലൻസ് സർവ്വീസ് പദ്ധതി വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) നിലവിൽ 108 ആംബുലൻസുകളുടെ ഓപ്പറേറ്റിംഗ് ഏജൻസിയായ മെസ്സേഴ്സ് ജി.വി.കെ.ഇ.എം.ആർ.ഐ. തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിലെ 108 ആംബുലൻസുകളുടെ പ്രവർത്തനം തുടർന്നുപോകുവാൻ സാധ്യമല്ല എന്ന് അറിയിച്ചതിനെതുടർന്ന് തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിൽ ജില്ലാ ആരോഗ്യ കുടുംബക്ഷേമ വകുപ്പുകളുടെ സഹായത്തോടുകൂടി 108 ആംബുലൻസ് സർവ്വീസ് നടത്തുവാനായുള്ള ഒരു വിശദമായ പദ്ധതി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് സർക്കാരിലേയ്ക്ക് സമർപ്പിക്കുകയും അതിൻപ്രകാരം പ്രസ്തുത പദ്ധതി അംഗീകരിച്ചുകൊണ്ട് 8-6-2015 തീയതിയിലെ സ.ഉ.(സാധാ) നം.1712/2015/ആ.കു.വ.നമ്പർ പ്രകാരം നിലവിലെ രണ്ട് ജില്ലകളിലെ 108 ആംബുലൻസ് സർവ്വീസ് കെ.എം.എസ്.സി.എൽ. ഏറ്റെടുക്കുന്നതിന് ഉത്തരവാകുകയും ചെയ്തു.

(ബി) സംസ്ഥാനത്ത് നിലവിൽ മെസ്സേഴ്സ് ജി.വി.കെ.ഇ.എം.ആർ.ഐ. എന്ന കമ്പനിയാണ് തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിലെ 108 ആംബുലൻസു കളുടെ പ്രവർത്തനം നടത്തുന്നത്. 15-4-2015-നുശേഷം ഈ ജില്ലകളിലെ പ്രവർത്തനം തുടരുവാനായി അവർ മുന്നോട്ടുവച്ച നിബന്ധനകൾ താഴെചേർക്കുന്നു.

1. പ്രവർത്തന ചെലവ് 1,17,000 രൂപയിൽനിന്നും 1,42,199 രൂപയായി വർദ്ധിപ്പിക്കുക.
2. ആംബുലൻസുകളുടെ അറ്റകുറ്റപ്പണികൾക്കായി ഒരു ആംബുലൻസിന് 12 ദിവസം എന്ന രീതിയിൽ അനുവദിക്കുക.
3. മേൽ നിബന്ധനകൾ അംഗീകരിക്കാൻ കഴിയാത്തപക്ഷം 15-5-2015 അർദ്ധരാത്രി മുതൽ പ്രവർത്തനം കൈമാറുന്നതിനുള്ള അനുവാദം നൽകുക.

എന്നാൽ,സർക്കാർ ഇക്കാര്യം അംഗീകരിച്ചില്ല. 108 ആംബുലൻസ് പ്രവർത്തനം നിലവിലെ രണ്ട് ജില്ലകളിൽ നേരിട്ട് നടത്തുന്നതിനായി 8-6-2015-ലെ സ.ഉ.(സാധാ) നം.1712/2015/ആ.കു.വ. പ്രകാരം കെ.എം.എസ്.സി.എൽ.-നെ ഏൽപ്പിക്കുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

(സി) 108 ആംബുലൻസ് പദ്ധതി സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനായി ജെ.എസ്.എസ്.കെ. പദ്ധതിയുമായി ബന്ധപ്പെട്ട് കെ.എം.എസ്.സി.എൽ. ടെണ്ടർ ക്ഷണിച്ചിരുന്നു. പ്രസ്തുത ടെണ്ടറിൽ എൽ. 1 ബിഡ്ഡർ ആയ മെ. ജീ.വി.കെ ഇ.എം.ആർ ഐ. ക്വാട്ട് ചെയ്ത തുക 1,44,999 രൂപ ആകയാൽ ടെണ്ടർ കമ്മിറ്റി തുകയായ 1,22,000 രൂപയ്ക്കുവേണ്ടി നെഗോസിയേഷൻ നടത്തിയെങ്കിലും പ്രസ്തുത തുക അംഗീകരിക്കാൻ കമ്പനി വിസമ്മതിച്ചതിനാൽ പദ്ധതി നടത്തിപ്പിനു വേണ്ടി റീടെണ്ടർ നടത്തുവാൻ കെ.എം.എസ്.സി.എൽ.-നോട് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന്റെ നടപടികൾ സ്വീകരിച്ചുവരുന്നു.

പേവിഷ വാക്സിൻ

25 (*385) ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. സാജു പോൾ :
ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പേവിഷ ബാധ ഏൽക്കുന്നവരുടെ എണ്ണം വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പേവിഷ വാക്സിന്റെ അഭാവംമൂലം സർക്കാർ ആശുപത്രിയിലെത്തുന്ന ജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ വിലയിരുത്തിയിട്ടുണ്ടോ ;

(സി) പേവിഷ വാക്സിൻ പര്യാപ്തമായ അളവിൽ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലഭ്യമായ റിപ്പോർട്ടുകൾ പ്രകാരം സംസ്ഥാനത്ത് 2013-ൽ 88,172 പേർക്കാണ് പട്ടികടി ഏറ്റത്. അതിൽ 11 പേർ പേവിഷ ബാധമൂലം മരിച്ചു. 2014-ൽ പട്ടികടി ഏറ്റവരുടെ എണ്ണം 1,19,191 ആയി വർദ്ധിച്ചു. ഇതിൽ 10 പേർ പേവിഷ ബാധമൂലം മരിച്ചു. 2015-ൽ മേയ് അവസാനം വരെ 42,712 പേർക്ക് പട്ടികടി ഏറ്റതിൽ 5 പേർ പേവിഷ ബാധമൂലം മരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly